"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.P(C)No.1812/2016 ലെ 09/06/2020 ഉത്തരവ് നടപ്പിലാക്കുന്നത്- കോന്തുരുത്തി പുഴ കയ്യേറി താമസിച്ചുവരുന്നവരെ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നത്- തത്വത്തിൽ അംഗീകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി ബി) വകുപ്പ്

സ.ഉ.(കൈ) നം.132/2022/LSGD    തീയതി,തിരുവനന്തപുരം, 24-06-2022

---

പരാമർശം:-

1. ബഹു.കേരള ഹൈക്കോടതി 09/06/2020-ൽ പുറപ്പെടുവിച്ച W.P(C)No.1812/2016 കേസിലെ ഉത്തരവ്.
2. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എറണാകുളം ജില്ലയിൽ 03-03-2022 തീയതി നടന്ന യോഗ നടപടി കുറിപ്പ്
3. 18.03.2010 ലെ സ.ഉ.(കൈ) 53/2010/തസ്വഭവ നമ്പർ ഉത്തരവ്
4. എറണാകുളം ജില്ല കളക്ടറുടെ 25/03/2022 തീയതിയിലെ എൽ-8-45631/12 നമ്പർ കത്ത്
5. കൊച്ചി നഗരസഭ സെക്രട്ടറിയുടെ 19/03/2022 തീയതിയിലെ ഐ സ് ഓ/എം ഓ പി 2/2369/2012 നമ്പർ കത്ത്
6. തസ്വഭ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 9/05/2022 ലെ ഡിബി2/ 4118/22/സി.ഇ/തസ്വഭവ നമ്പർ കത്ത്
7. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 30/03/2022 ലെ എൽ.എം 6/863/2022 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കൊച്ചി നഗരസഭാ പരിധിയിൽ കോന്തുരുത്തി പുഴ കയ്യേറി താമസിച്ചുവരുന്നവരെ പരാമർശം (1) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനരധിവസിപ്പിക്കുന്നതിനായി, പരാമർശം (3) പ്രകാരം ജി.സി.ഡി.എ കൊച്ചി നഗരസഭയ്ക്ക് കൈമാറിയിട്ടുള്ള പള്ളുരുത്തി വില്ലേജിലെ 4 ഏക്കർ 99 സെൻറ് 3.08 സ്ക്വയർ ലിങ്ക്സ് വസ്തുവിൽ 144/1, 144/5, 144/10 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട യഥാക്രമം 34 സെന്റ്, 69.409 സെൻറ്, 34.0791 സെൻറ് ഉൾപ്പെടെ ആകെ 138.20 സെൻറ് ഭൂമി ഉപയോഗിക്കാമെന്നും, ടി ഭൂമി ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ പ്രവർത്തികൾ നടത്തുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമല്ല എന്നും എറണാകുളം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം ലൈഫ് മിഷനെ അറിയിച്ചു. റവന്യൂയിലേയും കൊച്ചി കോർപ്പറേഷനിലേയും ഉദ്യോഗസ്ഥർ സംയുക്തമായി നടത്തിയ സർവേയിൽ 132 കൈയ്യേറ്റങ്ങളിൽ പുനരധിവാസത്തിന് അർഹരായ 122 പേരുണ്ടെന്നും അവർക്ക് ടി സ്ഥലത്ത് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഫ്ളാറ്റ് നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ജില്ലാ കളക്ടർ ലൈഫ് മിഷനോട് ആവശ്യപ്പെട്ടു. അർഹരായ കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിന് ലൈഫ് മിഷൻ മുഖേന 123 യൂണിറ്റുകൾ അടങ്ങിയ കെട്ടിടം നിർമ്മിക്കുന്നതിന് ഏകദേശം 24.62 കോടി രൂപ ചെലവ് വരുമെന്ന്

കണക്കാക്കിയിട്ടുള്ളതായി പരാമർശം (5) പ്രകാരം കൊച്ചി നഗരസഭ സെക്രട്ടറി ലൈഫ് മിഷനെ അറിയിച്ചിട്ടുണ്ട്. ഡി.പി.ആർ. ലഭിച്ചിട്ടില്ല. കൊച്ചി നഗരസഭയിൽ നിന്നും ലഭിച്ച ലിസ്റ്റ് പ്രകാരം പുനരധിവാസത്തിന് അർഹരായ 122 കയ്യേറ്റക്കാരിൽ 56 കുടുംബങ്ങൾ ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ നേരത്തേ തന്നെ ഉൾപ്പെട്ടവരാണ്.

2. കോന്തുരുത്തിപ്പുഴയിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പുനരധിവസിപ്പിക്കേണ്ട 122 പേരുടെ പട്ടിക അംഗീകരിച്ച പ്രമേയത്തിന്റെ പകർപ്പ് സർക്കാരിന് ലഭ്യമാക്കി, ജി.സി.ഡി.എ-യുടെ കൈവശമുള്ള പുനരധിവാസത്തിനായി നിർദ്ദേശിക്കപ്പെട്ട ഭൂമിയുടെ അതിർത്തിരേഖ, സർവ്വേ നമ്പറുകൾ, മുതലായവ സഹിതമുള്ള റിപ്പോർട്ട്, 1961-ലെ കേരള ഭൂനികുതി നിയമത്തിനും മറ്റ് ചട്ടങ്ങൾക്കും കീഴിലുള്ള ഭൂമിയുടെ കൈവശാവകാശം മാററുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്നതിൻമേലുള്ള റിപ്പോർട്ട്, 122 കുടുംബങ്ങൾ പ്രസ്തുത കൈയ്യേറ്റ ഭൂമിയിൽ നിന്നും മാറി താമസിക്കുന്ന മുറക്ക് നദീതീരത്തെ ഭൂമി ഇനിയും കൈയ്യേറ്റം ചെയ്യപ്പെടാതിരിക്കാനുള്ള ഭാവി നടപടി സംബന്ധിച്ചുള്ള റിപ്പോർട്ട് എന്നിവ ലഭ്യമാക്കി, കോന്തുരുത്തിപ്പുഴ കൈയ്യേറി താമസിച്ചുവരുന്നവരെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിന് 122 യൂണിറ്റുകൾ അടങ്ങിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദിഷ്ട ടവറിന്റെ "PRICE"ലെ എസ്റ്റിമേറ്റും, നിർദ്ദിഷ്ട സ്ഥലത്തെ മണ്ണ് പരിശോധനയും structural plan-ന്റെ പരിശോധനയും ഐ.ഐ.ടി പോലുള്ള യോഗ്യതയുള്ള ഏജൻസികളെ കൊണ്ട് നടത്തി സമർപ്പിക്കുവാൻ തസ്വഭ വകുപ്പ് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു.

3. കോന്തുരുത്തി പുഴ കയ്യേറി താമസിച്ചുവരുന്നവരെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട്, നേരത്തെ മാലിന്യ സംസ്കരണ പ്ലാൻറ് സ്ഥാപിക്കുന്നതിനായി നഗരസഭയ്ക്ക് ജിസിഡിഎ അനുവദിച്ച പള്ളുരുത്തി വില്ലേജിലെ 5 ഏക്കർ സ്ഥലത്തിൽ ഒരേക്കർ ഭൂമി ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് കൗൺസിൽ അനുമതി ലഭ്യമായിട്ടുള്ളതും, ജില്ലാ കളക്ടർ ലഭ്യമാക്കിയ സർവ്വേ റിപ്പോർട്ട് പ്രകാരം 122 കുടുംബങ്ങൾ പുനരധിവാസത്തിന് അർഹരാണെന്നും, പ്രസ്തുത ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന്, Block 1 - G +4, Block II - G+5 എന്നീ നിലയിലുള്ള 35.25 M$^2$ / യൂണിറ്റ് വിസ്തീർണ്ണത്തിൽ 2 Bedroom, Dining Cum Hall, Kitchen, Toilet എന്നീ സൗകര്യങ്ങളുള്ള 5670.18 m2 Plinth Area യിൽ വാട്ടർസപ്ലൈ, ഇലക്ട്രിസിറ്റി, ലിഫ്റ്റ്, Fire Protection, Drainage, Sewage treatment plant എന്നീ സൗകര്യങ്ങൾ ഉൾപ്പെടുത്തി യൂണിറ്റിന് 19 ലക്ഷം രൂപ നിരക്കിൽ 122 കുടുംബങ്ങൾക്ക് 23.15 കോടി രൂപയും infrastructure/ land filling cost, Common facility എന്നിവയ്ക്കായി 0.44 കോടി രൂപയും അനുവദിക്കുന്നതിനായി ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് കത്ത് നൽകിയതായി കൊച്ചിൻ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ടെന്നും ടി നിർമ്മാണത്തിനുള്ള Architecture Drawings തയ്യാറാക്കിയിട്ടുള്ളതായും മണ്ണ് പരിശോധന നടത്തി structural design തയ്യാറാക്കുന്നതിന് കൺസൾട്ടൻസിനെ നിയോഗിച്ചിട്ടില്ലാത്തതിനാൽ പൂർണ്ണമായി എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിച്ചിട്ടില്ലായെന്നും തസ്വഭ വകുപ്പ് ചീഫ് എഞ്ചിനിയർ പരാമർശം (6) പ്രകാരം അറിയിച്ചിട്ടുണ്ട്.

4. കോന്തുരുത്തി പുഴ കയ്യേറി താമസിച്ചുവരുന്നവരെ പുനരധിവസിപ്പിക്കുന്നതിനു പരാമർശം (1) പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങളിൽ സർക്കാർ ഉത്തരവ് ആവശ്യമാണെന്ന് പരാമർശം (7) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിരുന്നു.

(1) റവന്യൂ, കൊച്ചി കോർപ്പറേഷൻ ഉദ്യോഗസ്ഥർ സംയുക്ത സർവേയിൽ പുനരധിവാസത്തിന് അർഹരായി കണ്ടെത്തിയ 122 പേരിൽ ലൈഫ് ഭൂരഹിതഭവനരഹിത ഗുണഭോക്ത പട്ടികയിൽ ഉൾപ്പെട്ട 56 കുടുംബങ്ങൾ ഒഴികെയുള്ളവരെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി.

(2) അർഹരായ 122 കുടുംബങ്ങൾക്ക് പള്ളുരുത്തി വില്ലേജിൽ 144/1, 144/5 ,144/10 എന്നീ സർവ്വേ നമ്പറുകളിലായി ജിസിഡിഎ കൊച്ചി നഗരസഭയ്ക്ക് കൈമാറിയ ഒരേക്കർ 38 സെന്റ് 200 സ്ക്വയർ ലിങ്ക്സ് സ്ഥലത്ത് ലൈഫ് ഭവന സമുച്ചയം കൊച്ചി നഗരസഭ മുഖേന നിർമ്മിക്കുവാൻ തത്വത്തിൽ അനുമതി

(3) കൊച്ചി നഗരസഭയിൽ നിന്നും ഡി.പി.ആർ. ലഭ്യമായി ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് ടി ഭവന സമുച്ചയ നിർമ്മാണത്തിന് ലൈഫ് പാർപ്പിട മിഷൻ (അർബൻ) 4217-60-051-95 പ്ലാൻ എന്ന ശീർഷകത്തിൽ ലൈഫ് മിഷന് അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതത്തിൽ നിന്നും എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കൊച്ചി നഗരസഭയ്ക്ക് ലൈഫ് മിഷൻ കൈമാറുന്നതിനുള്ള ഉത്തരവ്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോന്തുരുത്തി പുഴ കയ്യേറി താമസിച്ചുവരുന്നവരെ പുനരധിവസിപ്പിക്കുന്നതിനു ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത W.P(C) No. 1812/2016 കേസിലെ 09/06/2020-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ അർഹരായ 122 പേരുടെ പട്ടിക അംഗീകരിച്ച പ്രമേയം കൊച്ചി കോർപറേഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് അത് ആധികാരികമായി പരിശോധിക്കുന്നതിന് ജില്ല കളക്ടറെ ചുമതലപ്പെടുത്തുകയും, വിശദമായ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക്, റവന്യൂ, കൊച്ചി കോർപ്പറേഷൻ ഉദ്യോഗസ്ഥർ സംയുക്ത സർവേയിൽ പുനരധിവാസത്തിന് അർഹരായി കണ്ടെത്തിയ 122 പേരിൽ ലൈഫ് ഭൂരഹിതഭവനരഹിത ഗുണഭോക്ത പട്ടികയിൽ ഉൾപ്പെട്ട 56 കുടുംബങ്ങൾ ഒഴികെയുള്ളവരെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി നൽകികൊണ്ട് ഉത്തരവാകുന്നു. അതോടൊപ്പം അർഹരായ 122 കുടുംബങ്ങൾക്ക് പള്ളുരുത്തി വില്ലേജിൽ 144/1, 144/5, 144/10 എന്നീ സർവ്വേ നമ്പറുകളിലായി ജിസിഡിഎ, കൊച്ചി നഗരസഭയ്ക്ക് കൈമാറിയ ഒരേക്കർ 38 സെന്റ് 200 സ്ക്വയർ ലിങ്ക്സ് സ്ഥലത്ത് ലൈഫ് ഭവന സമുച്ചയം കൊച്ചി നഗരസഭ മുഖേന നിർമ്മിക്കുവാൻ തത്വത്തിൽ അനുമതിയും അതിന് ലൈഫ് മിഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ള ഫണ്ട്, ധനകാര്യ വകുപ്പിന്റെ അനുമതിക്ക് വിധേയമായി, ലൈഫ് പാർപ്പിട മിഷൻ (അർബൻ) 4217-60-051-95 പ്ലാൻ എന്ന ശീർഷകത്തിൽ ലൈഫ് മിഷന് അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതത്തിൽ നിന്നും കൊച്ചി നഗരസഭയ്ക്ക് ലൈഫ് മിഷൻ കൈമാറുന്നതിനുള്ള അനുമതിയും നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.P(C) No. 1812/2016 ലെ 09/06/2020 ഉത്തരവ് ഇപ്രകാരം അനുപാലിച്ചു കൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
ജി.സി.ഡി.എ കൊച്ചി
സെക്രട്ടറി,കൊച്ചി നഗരസഭ
ജില്ല കളക്ടർ, എറണാകുളം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ഇ)/ഓഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പൊതുഭരണ (എസ് സി ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം കരുതൽ
ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Reenamma P A**
**Date: 24-06-2022 10:47:58**
സെക്ഷൻ ഓഫീസർ